സൃഷ്ടിച്ചതിനാലുണ്ടായ അധിക ചെലവിനാലും റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികത്തുന്നതിനുവേണ്ടി കടമെടുത്തതുമാണ് പൊതുക്കടം വർദ്ധിക്കുവാനുള്ള കാരണം. പദ്ധതിച്ചെലവ് വർദ്ധിച്ചുവരുന്നതിനാൽ പൊതുക്കടം കുറയ്ക്കാൻ സാധിക്കുന്നില്ല. എന്നാൽ പലിശ ബാദ്ധ്യത കുറയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) 2003-04 സാമ്പത്തിക വർഷത്തിൽ ആകെ പലിശയിനത്തിൽ സംസ്ഥാനം ചെലവഴിച്ച തുക 3,328.30 കോടി രൂപയായി കണക്കാക്കപ്പെട്ടിരിക്കുന്നു.

സംസ്ഥാനത്തിന്റെ പൊതുക്കടം

14 [189] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 സാമ്പത്തിക വർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2003-2004 സാമ്പത്തിക വർഷാവസാനവും 2004-2005 ജനുവരി 15-ാം തീയതി വരെയും സംസ്ഥാനത്തിന്റെ പൊതുക്കടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-01 സാമ്പത്തിക വർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം 23,919 കോടി രൂപയായിരുന്നു.

(ബി) 2003-04 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തിന്റെ പൊതുക്കടം 37,452.23 കോടി രൂപയായിരുന്നു. 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളൂ. ടി താൽക്കാലിക കണക്കുകൾ പ്രകാരം 30-11-2004 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുക്കടം 40,191.37 കോടി രൂപയാണ്.

പുതുതായി ബാർ ലൈസൻസുകൾ നൽകാൻ നടപടി

15 [190] ശ്രീ. ഷിബു ബേബിജോൺ:
" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ ഉണ്ട്;

(ഡി) ഇവയുടെ ക്ലാസ് തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly